# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2800.** **20-07-2011-ലെ മറുപടിക്ക്**

## തെരുവുനായ്ക്കളുടെ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മുട്ടി | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുടനീളം തെരുവു-നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ലെന്ന കാര്യം അറിവുണ്ടോ; | (ബി) ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) വിദേശികളുൾപ്പെടെ നിരവധി പേർക്ക് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്കേൽക്കാൻ ഇടയായ സാഹചര്യത്തിൽ ഫലപ്രദമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കുമോ; | (സി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001 ലെ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) നിയമപ്രകാരമുള്ള അനിമൽ ബർത്ത് |

കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിലാക്കാൻ പഞ്ചായത്ത് ഡയറക്ടർക്കും നഗരവികസന ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.

Kumary Jalaja S

**സെക്ഷൻ ഓഫീസർ.**